REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 03-04-2026** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- **പാചകവാതകത്തിന്റെയും പെട്രോളിയം ഉത്പന്നങ്ങളുടെയും കരിഞ്ചന്തയും പൂഴ്ത്തിവെപ്പും നിയന്ത്രിക്കാൻ നടപടിയെടുക്കുന്നതിന് സംസ്ഥാനങ്ങൾക്ക് കേന്ദ്ര നിർദ്ദേശം.**
- **NCERT യെ വിദ്യാഭ്യാസ മന്ത്രാലയം കൽപിത സർവകലാശാലയായി പ്രഖ്യാപിച്ചു.**
- **നിയമസഭാ തിരഞ്ഞെടുപ്പിന് ഒരാഴ്ചയിൽ താഴെ മാത്രം സമയം ശേഷിക്കെ, സ്ഥാനാർത്ഥികളും, മുന്നണികളും പ്രചാരണത്തിന്റെ അവസാനഘട്ടത്തിലേക്ക്.**
- **ഇന്ന് ദുഃഖവെള്ളി. സംസ്ഥാനത്ത് വിവിധ കേന്ദ്രങ്ങളിൽ കുരിശിന്റെ വഴി ആരംഭിച്ചു.**
- **ഖേലോ ഇന്ത്യ ട്രൈബൽ ഗെയിംസ് വൈകിട്ട് സമാപിക്കും. മെഡൽപട്ടികയിൽ കർണാടക മുന്നിൽ.**

## വാർത്തകൾ വിശദമായി

പാചകവാതകത്തിന്റെയും പെട്രോളിയം ഉത്പന്നങ്ങളുടെയും കരിഞ്ചന്തയും പൂഴ്ത്തിവെപ്പും നിയന്ത്രിക്കാനാവശ്യമായ നടപടികൾ കൈക്കൊള്ളണമെന്ന് കേന്ദ്രം സംസ്ഥാനങ്ങളോടും കേന്ദ്രഭരണപ്രദേശങ്ങളോടും ആവശ്യപ്പെട്ടു. കേന്ദ്ര പെട്രോളിയം പ്രകൃതിവാതക മന്ത്രാലയം സെക്രട്ടറി ഡോ. നീരജ് മിത്തൽ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണപ്രദേശങ്ങൾക്കും അയച്ച കത്തിലൂടെയാണ് ഇക്കാര്യം വ്യക്തമാക്കിയത്.

ചിലയിടങ്ങളിൽ ഇന്ധനങ്ങളുമായി ബന്ധപ്പെട്ട് കിംവദന്തികളും തെറ്റായ വിവരങ്ങളും പ്രചരിക്കുകയാണെന്നും, ഇത് പൊതുജന ആശങ്കയ്ക്കും

പരിഭ്രാന്തമായ വാങ്ങിക്കൂട്ടലിനും, കാരണമാകുന്നുണ്ടെന്ന് ഡോ. മിത്തൽ പറഞ്ഞു.

✪✪✪

NCERT യെ വിദ്യാഭ്യാസ മന്ത്രാലയം കൽപിത സർവകലാശാലയായി പ്രഖ്യാപിച്ചു. UGC വിദഗ്ധ സമിതി നൽകിയ നിർദ്ദേശത്തിന് മന്ത്രാലയം അനുമതി നൽകുകയായിരുന്നു. ഗവേഷണ പദ്ധതികൾ ആരംഭിക്കാനും, നവീന അക്കാദമിക് പ്രവർത്തനങ്ങൾ തുടങ്ങാനും മന്ത്രാലയം നിർദ്ദേശം നൽകിയിട്ടുണ്ട്.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പിന് ഒരാഴ്ചയിൽ താഴെ മാത്രം സമയം ശേഷിക്കെ, സ്ഥാനാർത്ഥികളും, മുന്നണികളും പ്രചാരണത്തിന്റെ അവസാനഘട്ടത്തിലെത്തി. ഇന്നും നാളെയുമായി ദേശീയ - പ്രാദേശിക നേതാക്കൾ സംസ്ഥാനത്തെ അവസാനവട്ട പ്രചാരണത്തിൽ മുഴുകും.

NDA യുടെ തെരഞ്ഞെടുപ്പ് പ്രചാരണത്തിന് പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ കേരളത്തിലെത്തും. തിരുവല്ലയിലെ പൊതുപരിപാടിയിൽ പങ്കെടുക്കുന്ന അദ്ദേഹം, തിരുവനന്തപുരം നഗരത്തിലെ റോഡ് ഷോയിലും സംബന്ധിക്കും.

ഉച്ചകഴിഞ്ഞ് ചങ്ങനാശ്ശേരി NSS കോളേജ് ഗ്രൗണ്ടിലിറങ്ങുന്ന പ്രധാനമന്ത്രി റോഡ് മാർഗ്ഗമാണ് തിരുവല്ലയിലെത്തുന്നത്. തിരുവല്ല പബ്ലിക്ക് സ്റ്റേഡിയത്തിൽ പൊതുസമ്മേളനത്തെ അദ്ദേഹം അഭിസംബോധന ചെയ്യും. തിരുവല്ല, ആറന്മുള, ഹരിപ്പാട്, ചെങ്ങന്നൂർ, മാവേലിക്കര, റാന്നി, കോന്നി, അമ്പലപ്പുഴ, അടൂർ, ചങ്ങനാശ്ശേരി, കായംകുളം മണ്ഡലങ്ങളിലെ NDA സ്ഥാനാർത്ഥികളും പരിപാടിയിൽ പങ്കെടുക്കും.

തിരുവല്ലയിൽ നിന്ന് തിരുവനന്തപുരത്തെത്തുന്ന പ്രധാനമന്ത്രി, കിള്ളിപ്പാലം മുതൽ കരമന വരെ ഒന്നര കിലോമീറ്റർ ദൂരം റോഡ് ഷോയിൽ സംബന്ധിക്കും.

തിരുവനന്തപുരം ജില്ലയിലെ NDA സ്ഥാനാർത്ഥികളും റോഡ് ഷോയുടെ ഭാഗമാകും. ജില്ലയിലെ NDA സ്ഥാനാർത്ഥികളുമായി പ്രധാനമന്ത്രി കൂടിക്കാഴ്ചയും നടത്തും. വൈകിട്ട് ഏഴ് മണിയോടെ പ്രധാനമന്ത്രി ഡൽഹിക്ക് മടങ്ങും.

NDA യുടെ പ്രചാരണത്തിന് കേന്ദ്രമന്ത്രിയും മുതിർന്ന BJP നേതാവുമായ JP നദ്ദ ഇന്ന് തിരുവനന്തപുരത്തുണ്ട്. വൈകിട്ട് എട്ട് മണിയോടെ വട്ടിയൂർകാവ് ജംഗ്ഷനിൽ നിന്ന് നദ്ദയുടെ റോഡ് ഷോ ആരംഭിക്കും. കേന്ദ്രമന്ത്രി കിരൺ റിജിജു, കേന്ദ്ര സഹമന്ത്രി ദുർഗാദാസ് യൂക്കി, BJP തമിഴ്നാട് മുൻ സംസ്ഥാന

പ്രസിഡന്റ് K.അണ്ണാമലൈ തുടങ്ങിയവരും തിരുവനന്തപുരത്ത് ഇന്ന് പ്രചാരണത്തിനിറങ്ങും. മുൻ കേന്ദ്രമന്ത്രി സ്മൃതി ഇറാനി അരുവിക്കരയിലെ റോഡ്ഷോയിൽ പങ്കെടുക്കും. BJP നേതാവ് തേജസ്വി സൂര്യ മാവേലിക്കരയിലും, ചിറയൻ കീഴിലും പൊതുയോഗങ്ങളിൽ പങ്കെടുക്കും.

മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കണ്ണൂർ ജില്ലയിൽ LDF തിരഞ്ഞെടുപ്പ് പ്രചാരണപരിപാടികളിൽ പേരാവൂർ, ചാവശ്ശേരി, വൈകീട്ട് മുണ്ടയാട് , അഴീക്കോട്, പുതിയതെരു, തളിപ്പറമ്പ്, പയ്യന്നൂർ എന്നിവിടങ്ങളിൽ പങ്കെടുക്കും.

CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ തിരുവനന്തപുരത്തെ വാമനപുരം മണ്ഡലത്തിലാണ് ഇന്ന് പ്രചാരണം നടത്തുന്നത്. CPI സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വവും ഇന്ന് തിരുവനന്തപുരത്ത് LDF നായി പ്രചാരണത്തിനുണ്ട്.

കോൺഗ്രസ് പ്രവർത്തക സമിതിയംഗം ദിപേന്ദർ സിംഗ് ഹൂഡ UDF പ്രചാരണത്തിൽ ഇന്ന് തിരുവനന്തപുരത്ത് പങ്കെടുക്കും. കർണാടക ഉപ മുഖ്യമന്ത്രി DK ശിവകുമാർ വട്ടിയൂർകാവിലെ പ്രചാരണത്തിൽ പങ്കെടുക്കും.

പ്രതിപക്ഷ നേതാവ് VD സതീശൻ നാളെ കണ്ണൂർ ജില്ലയിൽ തെരഞ്ഞെടുപ്പ് പ്രചരണ പരിപാടികളിൽ പങ്കെടുക്കും. മുസ്ലിം ലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സാദിഖലി ശിഹാബ് തങ്ങളും നാളെ കണ്ണൂരിൽ UDF പ്രചാരണത്തിനെത്തും.

✪✪✪

പ്രധാനമന്ത്രിയുടെ സന്ദർശനത്തോട് അനുബന്ധിച്ച് തിരുവനന്തപുരത്ത് ഇന്നും നാളെയും ഡ്രോണുകൾക്ക് നിരോധമേർപ്പെടുത്തി. തിരുവനന്തപുരത്ത് നാളെ ഗതാഗത നിയന്ത്രണവും ഉണ്ടായിരിക്കും,

തിരുവല്ല- ചങ്ങനാശേരി MC റോഡിൽ ഇന്നും നാളെയും ഉച്ചയ്ക്ക് 12 മുതൽ വൈകിട്ട് ആറ് വരെ ട്രാഫിക് നിയന്ത്രണം ഉണ്ടായിരിക്കും.

✪✪✪

കഴിഞ്ഞ പത്ത് വർഷം കേരളം ഇരുണ്ടകാലത്തിൽ നിന്ന് വെളിച്ചത്തിലേക്ക് നടന്ന കാലമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. പേരാവൂരിൽ LDF പൊതുയോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ആഗോളവത്ക്കരണത്തിന്റെ കാഴ്ചപ്പാടിൽ നിന്ന് വ്യത്യസ്തമായി ചിന്തിച്ചതിലൂടെയാണ് കേരളം അതിദാരിദ്ര്യത്തിൽ നിന്നും മുക്തമായതെന്നും മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

നീതി ആയോഗിന്റെ റിപ്പോർട്ട് പ്രകാരം സാമ്പത്തിക രംഗത്ത് കേരളം ഏറെ പിന്നിലും, ഇന്ത്യയിലെ രണ്ടാമത്തെ വലിയ കടബാധ്യതാ സംസ്ഥാനവുമായി കേരളം മാറിയെന്ന് കോൺഗ്രസ് നേതാവ് ഡോ. ശശിതരൂർ അഭിപ്രായപ്പെട്ടു. വികസനത്തിന് ചിലവാക്കേണ്ട തുകയുടെ ഇരട്ടിയാണ് ഗവണ്മെന്റ് പലിശ അടയ്ക്കാൻ മാറ്റിവെക്കുന്നത്.

മിടുക്കരായ യുവാക്കൾ തൊഴിൽ തേടി അന്യസംസ്ഥാനങ്ങളിലേക്കും വിദേശത്തേക്കും പോകുന്നതു കൊണ്ട് കേരളം 'ഓൾഡ് ഏജ് ഹോം' ആയി മാറുകയാണെന്നും ഡോ. തരൂർ മലപ്പുറത്ത് UDF കുടുംബസംഗമത്തിൽ പറഞ്ഞു.

✪✪✪

സംസ്ഥാനത്തെ ഉയർന്ന വേനൽ ചൂടിന്റെ പശ്ചാത്തലത്തിൽ തിരഞ്ഞെടുപ്പ് പ്രചാരണത്തിൽ ഏർപ്പെടുന്നവർ ജാഗ്രത പാലിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിർദേശം നൽകി. എപ്പോഴും കൈയ്യിൽ കുപ്പി കുടിവെള്ളം കരുതണമെന്നും ദാഹം തോന്നിയില്ലെങ്കിലും കൃത്യമായ ഇടവേളകളിൽ വെള്ളം കുടിക്കുന്നത് ശീലമാക്കണമെന്നും അതോറിറ്റി ആവശ്യപ്പെട്ടു. പൊതുയോഗങ്ങൾ, റാലികൾ, പ്രകടനങ്ങൾ, റോഡ്ഷോകൾ, സ്ഥാനാർഥി പര്യടനങ്ങൾ എന്നിവ വൈകിട്ട് നാലിന് ശേഷം സംഘടിപ്പിക്കുന്നതാണ് ഉചിതമെന്ന് മുന്നറിയിപ്പിൽ പറയുന്നു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് പുതുച്ചേരിയിലെ തിരഞ്ഞെടുപ്പ് പ്രചാരണത്തിൽ പങ്കെടുക്കും. വൈകിട്ട് വിമാനത്താവളത്തിലെത്തുന്ന അദ്ദേഹം, ഒരു കിലോമീറ്ററിലേറെ ദൂരം അണ്ണാശാലയിലെ റോഡ്ഷോയിൽ പങ്കെടുക്കും.

✪✪✪

തമിഴ്നാട് നിയമസഭാ തെരഞ്ഞെടുപ്പ് പത്രിക സമർപ്പണത്തിന്റെ സമയപരിധി തിങ്കളാഴ്ച അവസാനിക്കും. തമിഴ് നാട്ടിലെ 234 നിയമസഭ മണ്ഡലത്തിലേക്ക് ഈ മാസം 23 നാണ് തെരഞ്ഞെടുപ്പ്.

✪✪✪

ഇറാനിലെ ഏറ്റവും നീളം കൂടിയ പാലമായ B 1 ബ്രിഡ്ജ് ബോംബിട്ടു തകർത്തതായി US പ്രസിഡണ്ട് ഡൊണാൾഡ് ട്രംപ് സാമൂഹ്യ മാധ്യമമായ ട്രൂത് സോഷ്യലിൽ അവകാശപ്പെട്ടു . ടെഹ്റാനെ അൽബോർസ് പ്രവിശ്യയിലെ കരാജുമായി ബന്ധിപ്പിക്കുന്ന തന്ത്ര പ്രധാനമായ പാലമാണിത്.

അതെ സമയം ബഹ്റൈന്റെ നിർദ്ദേശത്തിൽ ഹോർമുസ് കടലിടുക്ക് സുരക്ഷിതമാക്കാനായി UN സുരക്ഷാ കൗൺസിൽ വോട്ടെടുപ്പ് ഇന്ന് വൈകീട്ട് ഉണ്ടാകും.

✪✪✪

പശ്ചിമേഷ്യയിലെ സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ അയൽ രാജ്യങ്ങളിൽ ഇറാൻ ആക്രമണം നടത്തി. ബഹ്റൈനിലെ ആമസോൺ വെബ് സർവീസസ് കേന്ദ്രത്തിലും UAE യിലെ AWS ഡാറ്റ സെന്ററുകളിലും ബഹ്റൈനിലെ വാണിജ്യ കേന്ദ്രങ്ങളിലുമാണ് ആക്രമണമുണ്ടായത്.

✪✪✪

ഇറാനിൽ ആക്രമണം തുടരുമെന്ന് US പ്രസിഡണ്ട് ഡൊണാൾഡ് ട്രംപ് വ്യക്തമാക്കിയതോടെ എണ്ണ വില ഉയർന്നു. ബ്രെന്റ് ക്രൂഡ് ഓയിൽ വില ഇന്നലെ 8 ശതമാനം വരെ ഉയർന്ന് ബാരലിന് 109 ഡോളറിലെത്തി. US ൽ ഉൽപ്പാദിപ്പിക്കുന്ന എണ്ണയുടെ വിലയും ഉയർന്നു.

✪✪✪

ഇന്ന് ദുഖവെള്ളി. ക്രിസ്തുവിന്റെ പീഡാനുഭവത്തിന്റെയും കുരിശുമരണത്തിന്റെയും ഓർമ പുതുക്കിയാണ് വിശ്വാസികൾ ഇന്ന് ദുഃഖവെള്ളി ആചരിക്കുന്നത്. ദേവാലയങ്ങളിൽ പ്രത്യേക കുർബാനകളും പ്രാർത്ഥനാ ചടങ്ങുകളും ശ്രുശൂഷകളും ആരംഭിച്ചു.

ദുഖവെള്ളിയോടനുബന്ധിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ കുരിശിന്റെ വഴിയും സംഘടിപ്പിച്ചിട്ടുണ്ട്.

താമരശ്ശേരി അടിവാരം ഗത്സമിൻ ഗ്രോട്ടോയിൽ നിന്ന് 16 km യാത്രയുമായി കുരിശിന്റെ വഴി ആരംഭിച്ചു. ഫാദർ ജോയ് ചെറുവത്തൂർ സന്ദേശം നൽകി. ലക്കിടി മൗണ്ട് സീനായ് ദേവാലയത്തിൽ യാത്ര സമാപിക്കും.

കണ്ണൂർ നഗരത്തിൽ സംയുക്ത കുരിശിന്റെ വഴി നടത്തി. തെക്കിബസാർ ഹോളി ഫാമിലി പള്ളിയിൽ നിന്ന് ആരംഭിച്ച കുരിശിന്റെ വഴിക്ക് തലശ്ശേരി ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി, കണ്ണൂർ ബിഷപ്പ് ഡോ. അലക്സ് വടക്കുംതല, കോട്ടയം അതിരൂപത സഹായമെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ എന്നിവർ നേതൃത്വം നൽകി.

✪✪✪

ദുഃഖവെള്ളി ദിനത്തിൽ ഉപരാഷ്ട്രപതി C.P രാധാകൃഷ്ണനും പ്രധാനമന്ത്രി നരേന്ദ്രമോദിയും വിശ്വാസികൾക്ക് ആശംസ നേർന്നു. യേശുക്രിസ്തുവിന്റെ

ജീവിതം എല്ലാവരെയും എളിമയുടെയും നിസ്വാർത്ഥതയുടെയും നീതിയുടെയും പാതയിലൂടെ സഞ്ചരിക്കാൻ പ്രചോദിപ്പിക്കുന്നുവെന്ന് ഉപരാഷ്ട്രപതി പറഞ്ഞു.

യേശുക്രിസ്തുവിന്റെ ത്യാഗത്തെ അനുസ്മരിക്കുന്ന ദിവസമാണ് ദുഃഖവെള്ളിയെന്നും സാഹോദര്യവും പ്രത്യാശയും എല്ലാവരെയും നയിക്കട്ടെയെന്നും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

2027 ലെ സെൻസസിന് മുന്നോടിയായി സെൽഫ് എന്യൂമറേഷനിൽ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് പങ്കാളിയായി. സെൻസസ് 2027 ന്റെ ഒന്നാം ഘട്ടം നടപ്പാകുന്നതോടെ വികസിത് ഭാരതിന്റെ ശക്തമായ അടിത്തറക്കു നാന്ദി കുറിക്കുമെന്ന് അദ്ദേഹം സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു .

✪✪✪

പാലക്കാട് ജില്ലയിലെ പ്രസിദ്ധമായ നെന്മാറ-വല്ലങ്ങി വേല ഇന്ന്. ഇരു ദേശങ്ങളിലും വേല എഴുന്നള്ളത്തുകൾ ആരംഭിച്ചു.

പാലക്കാട്ട് നിന്ന് ഫൈസൽ അലിമുത്ത്.

........(വോയ്സ്)..............

✪✪✪

ഛത്തീസ്ഗഡിൽ ഖേലോ ഇന്ത്യ ട്രൈബൽ ഗെയിംസ് ഇന്ന് സമാപിക്കും. സമാപന ചടങ്ങ് വൈകിട്ട് റായ്പൂരിലാണ്. ഛത്തീസ്ഗഡ് മുഖ്യമന്ത്രി വിഷ്ണുദേവ് സായി ചടങ്ങിൽ മുഖ്യാതിഥിയാകും.

അന്താരാഷ്ട്ര ബോക്സർ മേരി കോം, പ്രശസ്ത ഫുട്ബോൾ താരം ബൈച്ചുങ് ബൂട്ടിയ എന്നിവരും പ്രത്യേക അതിഥികളായി പങ്കെടുക്കും.

23 സ്വർണ്ണ മെഡലുകളുമായി മെഡൽ പട്ടികയിൽ കർണാടക മുന്നിലാണ്. 20 സ്വർണ്ണ മെഡലുകളുമായി ഒഡീഷ രണ്ടാം സ്ഥാനത്തും, 12 സ്വർണ്ണ മെഡലുകളുമായി ജാർഖണ്ഡ് മൂന്നാം സ്ഥാനത്തും തുടരുന്നു.

✪✪✪

IPL ക്രിക്കറ്റിൽ സൺ റൈസേഴ്സ് ഹൈദരാബാദ്, കൊൽക്കത്ത നൈറ്റ്റൈഡേഴ്സിനെ, ഈഡൻഗാർഡൻസിൽ 65 റൺസിന് തോൽപ്പിച്ചു.

ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സ്, പഞ്ചാബ് കിംഗ്സിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ചെന്നൈ ചിദംബരം സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് പഞ്ചാബ് FC, മുഹമ്മദൻസ് FC യെ നേരിടും. രാത്രി 7.30 ന് ലുധിയാനയിലാണ് മൽസരം.

✪✪✪

സാഫ് ഫുട്ബോൾ അണ്ടർ 20 ചാമ്പ്യൻഷിപ്പ് പുരുഷ വിഭാഗം ഫൈനലിൽ ഇന്ത്യ ഇന്ന് ബംഗ്ലാദേശിനെ നേരിടും. മാലദ്വീപിൽ രാത്രി 8.30 നാണ് മൽസരം.

✪✪✪

വയനാട് സുൽത്താൻബത്തേരി ജനവാസ മേഖലയിൽ ഇറങ്ങി ഭീതി പരത്തിയ കൊമ്പനാനയെ മയക്കു വെടി വെച്ചു. മുട്ടികൊമ്പനെന്ന ആനയെയാണ് താത്തൂർ സെക്ഷനിലെ ഓനച്ചൻ കവലയിൽ മയക്കുവെടി വെച്ചത്.

✪✪✪

വയനാട് ബാവലി പുഴയിൽ കുളിക്കാനിറങ്ങിയ രണ്ട് കുട്ടികൾ മുങ്ങി മരിച്ചു. വിനോദ യാത്രക്കെത്തിയ കോഴിക്കോട് കൊയിലാണ്ടി സ്വദേശി അദിനാൻ, പതിമംഗലം സ്വദേശി ആഷിഖ് എന്നിവരാണ് മരിച്ചത്.

✪✪✪

---

*News Reader:മണികണ്ഠൻ,*
*News Team: അനിൽ ചന്ദ്രൻ ശ്രുതി എം, അനഘ*
*DEO : ഷീബ*